ങ്ങളുടെ പൂർണ്ണ സഹകരണം കൂടി ലഭ്യമാക്കേണ്ടതാണ്. കനാലിന്റെ വശങ്ങളിലുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്. നബാർഡിനെപ്പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഇറിഗേഷൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അന്തിമഘട്ടത്തിലാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതു ലഭിച്ചു കഴിഞ്ഞാൽ സർക്കാർ തലത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു ഉന്നതതല യോഗം കൂടാവുന്നതാണ്.

(15) തിരുവനന്തപുരം-തമ്പാനൂർ പ്രദേശത്തെ ഡ്രെയിനേജ് ലൈൻ പൊട്ടിയതുമൂലമുള്ള പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരം നഗരത്തിലെ ഹൃദയഭാഗമായ തമ്പാനൂർ പ്രദേശമാകെ ഡ്രെയിനേജ് ലൈൻ പൊട്ടിയും ഓവർഫ്ളോ ചെയ്തും മലമൂത്ര വിസർജ്ജ്യവസ്തുക്കൾ മുഴുവൻ റോഡിലൂടെ ഒഴുകുകയാണ്. ആ പ്രദേശത്തുള്ളവർക്കു മാത്രമല്ല മറ്റു ജില്ലകളിൽ നിന്ന് ബസിലും ട്രെയിനിലും ദിവസേന വന്നിറങ്ങുന്ന ആയിരക്കണക്കിന് യാത്രക്കാർ, സെക്രട്ടറിയറ്റിലും ഈ അസംബ്ലിയിലും വരുന്ന ആളുകൾ ഇവർക്കൊക്കെ ഇതിൽ ചവിട്ടി മാത്രമേ സഞ്ചരിക്കാൻ കഴിയുകയുള്ളൂ. വീടുകളിൽ നിന്ന് ഡ്രെയിനേജ് ലൈനിലേക്ക് വിസർജ്ജ്യവസ്തുക്കൾ ഒഴുകുന്നതിനുപകരം തിരിച്ച് വീടുകളിലേക്ക് ഒഴുകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് ആ പ്രദേശത്തെ ജനജീവിതമാകെ ദുസ്സഹമായിരിക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം പുതിയ ഡ്രെയിനേജ് ലൈൻ ഇടാൻ പി.ഡബ്ല്യൂ.ഡി. ക്ക് പണം അടയ്ക്കാനും കഴിയുന്നില്ല. ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി പി.ഡബ്ല്യൂ.ഡി., തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളുമടങ്ങുന്ന ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി ഇതിൽ തീരുമാനമെടുക്കണം. അടിയന്തിരമായി ഈ നാട്ടുകാരുടെ ദുരിതത്തിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, തിരുവനന്തപുരം നഗരത്തിലെ സീവറേജ് സംവിധാനത്തിലെ പ്രവർത്തനക്ഷമമായിട്ടുള്ള ബ്ലോക്കുകളിലെ ഏറ്റവും പഴക്കം ചെന്നതും നഗരത്തിന്റെ പ്രധാന ഭാഗങ്ങളായ കവടിയാർ, വെള്ളയമ്പലം, വഴുതക്കാട്, തൈയ്ക്കാട്, തമ്പാനൂർ, പഴവങ്ങാടി, പുത്തൻചന്ത, പാളയം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതുമാണ് "എ" ബ്ലോക്ക്. 1945-ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി 30 വർഷത്തേയ്ക്കാണ് വിഭാവനം ചെയ്തിരുന്നത്. സ്വാഭാവികമായും 1975-ൽ ഇതിന്റെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കേണ്ടതായിരുന്നു. ഈ ബ്ലോക്കിലെ അഞ്ച് പ്രധാന നിർഗ്ഗമനക്കുഴലുകളിലൊന്നായ ഇന്റർസെപ്റ്റിംഗ് സീവർ-3 ഒബ്സർവേറ്ററി ഹിൽ ഭാഗത്ത് നിന്ന് ആരംഭിച്ച് തമ്പാനൂർ ഭാഗത്തുകൂടി റെയിൽവേ ലൈൻ ക്രോസ്സ് ചെയ്ത് കുര്യാത്തിയിലെത്തിച്ചേരുന്നു.

തിരുവനന്തപുരം നഗരത്തിലെ സീവറേജ് സംവിധാനത്തിന്റെ പുനരുദ്ധാരണ പണികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തിയാക്കുവാൻ സാധി

Page 1

ച്ചിട്ടില്ല. നിലവിലുള്ള സീവറേജ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പല ഏജൻസികളെയും സമീപിച്ചുവെങ്കിലും പദ്ധതിയിൽ നിന്നുള്ള വരുമാനത്തിന്റെ അപര്യാപ്തത കാരണം ഈ ശ്രമം വിഫലമാവുകയാണുണ്ടായത്. എന്നാൽ 1993 കാലഘട്ടത്തിൽ 'എ' ബ്ലോക്കിലെ ഇന്റർസെപ്റ്റിംഗ് സീവർ -1 ന്റെയും അതിനോടനുബന്ധിച്ച പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ എന്നിവയുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പണി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ മതിപ്പ് ചെലവ് 11.50 കോടി രൂപയാണ്. 2000 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൂർത്തിയാക്കുമ്പോൾ ഒരു പരിധിവരെ സീവേജ് ഓവർഫ്ലോ നിയന്ത്രിക്കാനാവും. നിലവിലുള്ള സീവറേജ് പദ്ധതിയുടെ മറ്റു ഭാഗങ്ങളിലുള്ള അതായത് 'എ' ബ്ലോക്കു മുതൽ 'ഇ' ബ്ലോക്കുവരെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ധനസമാഹരണത്തിനായി ഹഡ്കോയ്ക്ക് നൽകുകയും ചെയ്തു. 836 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന പ്രസ്തുത പദ്ധതിക്ക്, ഹഡ്കോ ധനസഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നതോടുകൂടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും. ഇതിന് വേണ്ടിയുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും മറ്റുമായി കോർപ്പറേഷന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും കീഴിലുള്ള റോഡുകൾ കുഴിക്കേണ്ടതുണ്ട്. അതിന് അവരുടെ അനുവാദവും ലഭ്യമാക്കേണ്ടതുണ്ട്. നഗരവാസികളായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏറ്റവും ഉയർന്ന പരിഗണനയുള്ള സീവറേജ് സംവിധാനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ടി ബന്ധപ്പെട്ട മന്ത്രിതല സബ്കമ്മിറ്റിയും ഉദ്യോഗസ്ഥതല അഡൈസറി കമ്മിറ്റിയും രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഉദ്യോഗസ്ഥതല കമ്മിറ്റിയിൽ പൊതുമരാമത്ത്, കോർപ്പറേഷൻ, പി ആന്റ് ടി, കെ.എസ്.ഇ.ബി., ധനകാര്യം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. റോഡുകൾ കുഴിക്കുന്നതിനുള്ള പ്രശ്നങ്ങൾ ഈ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുവാൻ സാധിക്കും. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു ഉന്നതതലയോഗം വിളിച്ചു കൂട്ടുന്നതിന് ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ : ഇതിൽ ഡ്രെയിനേജിന്റെ കാര്യം പറയുമ്പോൾ ട്രീറ്റ്മെന്റ് നടത്താനുള്ള എന്തെങ്കിലും സ്കീം ഉണ്ടോ, നിർഗ്ഗമനം മാത്രമല്ല, ട്രീറ്റ്മെന്റ് നടത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതിനെക്കുറിച്ചുകൂടി ഈ ചർച്ചയിൽ ആലോചിക്കണം.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള പ്രൊപ്പോസൽ ഉണ്ട്.

(16) ജില്ലാ മെഡിക്കൽ ബോർഡുകൾ അംഗവൈകല്യ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം

ശ്രീ. രാജു എബ്രഹാം : സർ, വികലാംഗരുടെ ജീവിതം കൂടുതൽ ദയനീയമായിരിക്കുകയാണ്. ജൻമനാ അംഗവൈകല്യം ഏൽക്കാൻ വിധിക്കപ്പെട്ട കേരളത്തിലെ വികലാംഗർക്ക്, കഴിഞ്ഞ രണ്ടുമാസമായി വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. 'ഇടിവെട്ട് ഏറ്റവനെ പാമ്പ് കടിച്ച്' അനുഭവമാണ് കേരള

LIBRARY ARCHIVES Kerala Legislative Assembly